

THURSDAY 17/10/2024 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer’s Welfare Department

GOVERNMENT OF KERALA

Chief Editor: Nizam S A Editor: Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003
Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 - 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 17/10/2024

1. കേരളത്തിൽ കാർഷികയോഗ്യമായ എന്നാൽ വിവിധ കാരണങ്ങളാൽ തരിശ് കിടക്കുന്ന സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെ, വ്യക്തിഗത ഉടമകളുടെ ഭൂമി കണ്ടെത്തി അവിടെ അനുയോജ്യമായ കൃഷി ചെയ്ത് ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിന് ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന നവോ-ധാൻ (NAWO-DHAN - New Agriculture Wealth Opportunities - Driving Horticulture and Agribusiness Networking) പദ്ധതിയിലേക്ക് താല്പര്യമുള്ള കർഷകർ, ഭൂവുടമകൾ എന്നിവരിൽ നിന്നും കൃഷി വകുപ്പ് താത്പര്യപത്രം (EoI - Expression of Interest) ക്ഷണിച്ചു. http://nawodhan.kabco.co.in/eoi-registration എന്ന ലിങ്ക് മുഖേനെ പ്രവേശിക്കുന്ന വെബ് പേജിൽ, കൃഷി ചെയ്യാൻ താല്പര്യമുള്ള വ്യക്തി/സ്ഥാപനം, ഭൂമി കൈവശമുള്ള വ്യക്തി/സ്ഥാപനം എന്നിവർക്ക് താത്പര്യപത്രം സമർപ്പിക്കാവുന്നതാണ്. കൃഷിക്ക് അനുയോജ്യമായ ഭൂമി കൈവശമുള്ള പൊതു മേഖല സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ, അസ്സോസിയേഷനുകൾ, വ്യക്തികൾ എന്നിവർക്ക് കൃഷി ഭൂമിയുടെ വിശദാംശങ്ങൾ സമർപ്പിച്ച് 750 രൂപ രജിസ്ട്രേഷൻ ഫീസും അടച്ച് ഓൺലൈനായി ഭൂമിയുടെ ലഭ്യത ഉറപ്പാക്കാനാകും.

2. മൃഗസംരക്ഷണ വകുപ്പിൻ്റെ കിഴിൽ പ്രവർത്തിക്കുന്ന കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിലെ 14 പശുക്കളെ ഈ മാസം 21 ന് (21/10/2024) രാവിലെ 10.30 മണിക്ക് ഫാം പരിസരത്തു വച്ച് പരസ്യമായി ലേലം ചെയ്തു വിൽക്കുന്നതാണ്. ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലേല സമയത്തിന് മുൻപായി പശുവിന് 2000/-രൂപ നിരതദ്രവ്യമായി ഓഫീസിൽ അടച്ചു പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. വിവരങ്ങൾക്ക് ഓഫീസ് സമയങ്ങളിൽ 0471 2732962 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

3. കേരളസർക്കാർ ഫിഷറീസ് വകുപ്പ് മുഖാന്തിരം നടപ്പാക്കുന്ന പ്രധാനമന്ത്രി മത്സ്യസമ്പദ് യോജന പദ്ധതിയുടെ ഘടക പദ്ധതിയായ ബയോഫ്ളോക്ക് പോണ്ട് പദ്ധതിയിലേക്ക് അപേക്ഷ ക്ഷണിച്ചു. താൽപര്യമുള്ളവർ ഒക്ടോബർ 25 ന് മുമ്പായി രേഖകൾ സഹിതം അതത് മത്സ്യഭവനുകളിലോ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലായത്തിലോ അപേക്ഷ സമർപ്പിക്കുക. കൂടുതൽ വിവരങ്ങൾക്ക് വിളിക്കേണ്ട ഫോൺ നമ്പർ 04942666428.

4. ഫിഷറീസ് വകുപ്പിന് കീഴിലെ സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർ വിമൺ (സാഫ്) നടപ്പിലാക്കുന്ന പലിശ രഹിത വായ്പാ പദ്ധതിയിലേക്ക് മത്സ്യത്തൊഴിലാളി വനിതകളുടെ ജോയിൻ്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്ക് അപേക്ഷിക്കാം. മത്സ്യത്തൊഴിലാളി ഫാമിലി രജിസ്റ്ററിൽ അംഗത്വമുള്ളതും മത്സ്യകച്ചവടം, പീലിംഗ്, ഉണക്കമീൻ കച്ചവടം ജോലികൾ ചെയ്യുന്നതുമായ അഞ്ച് പേർ അടങ്ങുന്ന ഗ്രൂപ്പുകൾക്കാണ് അവസരം. പ്രായപരിധിയില്ല. അഞ്ച് പേർ അടങ്ങുന്ന ഒരു ഗ്രൂപ്പിന് പരമാവധി 50,000 രൂപ (ഒരാൾക്ക് 10,000 രൂപ വീതം) പലിശ രഹിത വായ്പ നൽകും. കൃത്യമായി തിരിച്ചടക്കുന്നവർക്ക് തുടർ വായ്പയായി ഒരംഗത്തിന് 20000 രൂപയും ഗ്രൂപ്പിന് ഒരു ലക്ഷം രൂപയും ലഭിക്കും. ജില്ലാ സാഫ് നോഡൽ ഓഫീസ്, മത്സ്യഭവൻ ഓഫീസുകൾ, www.fisheries.kerala.gov.in, www.safkerala.org വെബ്സൈറ്റുകളിലും അപേക്ഷ ഫോറം ലഭിക്കും. ആധാർ കാർഡ്, റേഷൻ കാർഡ് മത്സ്യത്തൊഴിലാളി ക്ഷേമനിധി പാസ്ബുക്ക്, മുൻഗണന സർട്ടിഫിക്കറ്റുകൾ, വിദ്യാഭ്യാസ യോഗ്യത സർട്ടിഫിക്കറ്റുകൾ എന്നിവയുടെ പകർപ്പ് സഹിതം ഒക്ടോബർ 31 നകം ബന്ധപ്പെട്ട മത്സ്യഭവനുകളിൽ അപേക്ഷ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് വിളിക്കേണ്ട ഫോൺ നമ്പർ 7902502030.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## പരിശീലന പരിപാടി

5. നെൽകൃഷിയിൽ യന്ത്രവൽകൃത നടീൽ ഒരു തൊഴിൽ സംരംഭമായി നടത്തുന്നതിന് താല്പര്യമുള്ള തൃശ്ശൂർ, എറണാകുളം, പാലക്കാട്, മലപ്പുറം ജില്ലകളിലുള്ള തൊഴിൽരഹിത യുവതി യുവാക്കൾക്ക് കേരള സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷൻ യന്ത്രവൽകൃത നടീലിൽ അഞ്ചുദിവസത്തെ പരിശീലനം നടത്തുന്നു. പങ്കെടുക്കാൻ താല്പര്യമുള്ളവർ 8281200673 എന്ന മൊബൈൽ നമ്പറിൽ പേര്, അഡ്രസ്സ് വാട്സ് ആപ്പ് സന്ദേശമായി 23/10/2024, 5 മണിക്ക് മുമ്പായി അയച്ചുതരേണ്ടതാണ്.

6. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള തിരുവനന്തപുരം വെള്ളായണി കാർഷിക കോളേജിലെ ഇൻസ്ട്രക്ഷണൽ ഫാമിൽ നിന്നും 2024 ഒക്ടോബർ 21 മുതൽ നവംബർ 6 വരെ നഴ്സറി ടെക്നിക്സ് എന്ന വിഷയത്തിൽ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. പച്ചക്കറി- പഴവർഗ്ഗ- അലങ്കാര ചെടികളിലെ തൈ ഉല്പാദന രീതികൾ, ഗ്രാഫ്റ്റിങ്, ബഡ്ഡിങ്, ലയറിങ്, രോഗ കീട നിയന്ത്രണം എന്നിങ്ങനെ വിവിധ വിഷയങ്ങളിൽ ക്ലാസ്സുകളും പ്രായോഗിക പരിശീലനവും ലഭിക്കുന്നതാണ്. 20 പേർക്കാണ് അവസരം. പരിശീലന ഫീസ് 4000 രൂപ. താല്പര്യമുള്ളവർ താഴെ പറയുന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക. ഫോൺ നമ്പർ: 9895487537 വിളിക്കേണ്ട സമയം: പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 9 മുതൽ വൈകിട്ട് 5 വരെ.

7. ക്ഷീരവികസന വകുപ്പിൻ്റെ പട്ടത്തുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് 2024 ഒക്ടോബർ 21 മുതൽ 25 വരെയുള്ള 5 പ്രവൃത്തി ദിവസങ്ങളിൽ ക്ഷീര കർഷകർക്കായി നടക്കുന്ന ‘‘ശാസ്ത്രീയ പശു പരിപാലനം‘ എന്ന വിഷയത്തിൽ പരിശീലന പരിപാടി ഉണ്ടായിരിക്കുന്നതാണ്. പങ്കെടുക്കാൻ താല്പര്യമുള്ളവർ 2024 ഒക്ടോബർ 19 ന് വൈകുന്നേരം 5 മണിയ്ക്ക് മുമ്പായി ഈ പരിശീലന . കേന്ദ്രത്തിൽ ഫോൺ മുഖേനയോ, നേരിട്ടോ

രജിസ്റ്റർ ചെയ്യേണ്ടതാണ്. പരിശീലനത്തിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ പരിശീലനത്തിന് എത്തുമ്പോൾ ആധാർ കാർഡിൻ്റെ പകർപ്പ്, ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ് എന്നിവ ഹാജരാക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 20 രൂപ. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് ഓരോ ദിവസവും 150/- രൂപ ദിന ബത്തയും ആകെ 100/- രൂപ യാത്രാബത്തയും നൽകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നം. 0471 - 2440911. മേൽവിലാസം :ക്ഷീരപരിശീലന കേന്ദ്രം, പൊട്ടക്കുഴി റോഡ്, പട്ടം, പട്ടം പി.ഒ., തിരുവനന്തപുരം 695004. Email ID: principaldtctvm@gmail.com

8. റബ്ബർ ഇറക്കുമതി ചെയ്യുന്നതിന് ആവശ്യമായ നോ ഒബ്ജെക്ഷൻ സർട്ടിഫിക്കറ്റ് (എൻ.ഒ.സി.) നൽകുന്നതിന് റബ്ബർബോർഡ് ഫീസ് ചുമത്തും. ഇതു സംബന്ധിച്ചുള്ള ബോർഡിന്റെ ശുപാർശ കേന്ദ്രഗവണ്മെന്റിന്റെ പരിഗണനയിലാണ്. ഓരോ ബാച്ച് ഇറക്കുമതിച്ചരക്കിനും 5000 രൂപ വീതം ഈടാക്കുന്നതിനാണ് ബോർഡിന്റെ നിർദ്ദേശം. കുറഞ്ഞ വിലയ്ക്ക് ലഭിക്കുന്ന ഗുണമേന്മ കുറഞ്ഞ പ്രകൃതിദത്തറബ്ബറിന്റെ വിവിധ വകഭേദങ്ങളുടെ ആഭ്യന്തരവിപണിയിലേക്കുള്ള ഇറക്കുമതി നിയന്ത്രിക്കുന്നതിനാണ് എൻ.ഒ.സി. ഏർപ്പെടുത്തിയിരിക്കുന്നത്. സർട്ടിഫിക്കറ്റിന് ഫീസ് ചുമത്തുന്നതടക്കമുള്ള പുതിയ നടപടിക്രമങ്ങൾ വരുന്നതോടെ ഇറക്കുമതി റബ്ബറിന്റെ ഗുണമേന്മ കൂടുതൽ കാര്യക്ഷമമാകും.